KSFESA
CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitusc@gmail.com Web : www.ksfesa.com

President
Elamaram Kareem
Mob : 9400307786

General Secretary
S.Muraleekrishnapillai
Mob : 9446538432

Date : 08.08.2019

സ്വീകർത്താവ്

ശ്രീ .എ .പുരുഷോത്തമൻ
മാനേജിങ് ഡയറക്ടർ
കെഎസ്എഫ്ഇ ലിമിറ്റഡ്
തൃശ്ശൂർ

സർ ,

വിഷയം : 2/2018 എന്ന സർക്കുലർ പിൻവലിക്കണമെന്ന ജീവനക്കാരുടെ പൊതു ആവശ്യത്തോടുള്ള ഇരട്ടത്താപ്പ നയം തിരുത്തണമെന്നും പ്രസ്തുത സർക്കുലർ എത്രയും വേഗം പിൻവലിക്കണമെന്നുമുള്ള ആവശ്യം - സംബന്ധിച്ച്

സൂചന : 06.01.2018 തീയതിയിലെ 2/2018 സർക്കുലർ

സൂചനയിലെ സർക്കുലറിലേക്ക അങ്ങയുടെ ശ്രദ്ധ വീണ്ടും ക്ഷണിക്കുകയാണ്. പ്രസ്തുത സർക്കുലർ വഴി ശാഖാ മേധാവികളും മറ്റ ഓഫീസർമാരും വരുത്തുന്ന പിഴവുകളുടെയും അപഭ്രംശങ്ങളുടെയും ഭാഗമായി സ്ഥാപനത്തിനുണ്ടാകുന്ന ബാധ്യതയുടെ പകുതിയും അസിസ്റ്റന്റ് ജീവനക്കാരുടെ തലയിൽ വരുമെന്നും ഇത് അനീതിയാണെന്നും ഞങ്ങൾ പലതവണ ചൂണ്ടിക്കാട്ടിയിട്ടുള്ളതും മാനേജ്മെന്റുമായുമുള്ള ഉഭയ കക്ഷി ചർച്ചയിൽ ശക്തമായ ആശയസംവാദത്തിനു വിഷയീഭവിച്ചിട്ടുള്ളതുമാണ്.ബാങ്കുകളുൾപ്പെടെ ഒരു ധനകാര്യ സ്ഥാപനത്തിലും ഇല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിയ പ്രസ്തുത സർക്കുലറിനെ ഒരു കരിനിയമത്തിന്റെ പ്രതീതിയോടെയാണ് ജീവനക്കാർ കണ്ടത്. ജീവനക്കാരുടെ ആശങ്കകൾ അസ്ഥാനത്തല്ലെന്നു തെളിയിക്കുന്ന രീതിയിൽത്തന്നെയാണ് ഈ വിഷയത്തിൽ കാര്യങ്ങൾ മുന്നോട്ടുപോയത്. ജീവനക്കാരുടെ പ്രതിഷേധം രൂക്ഷമായതിനെത്തുടർന്ന് 29.06.2018 ന് തിരുവനന്തപുരത്തു വച്ച് ചേർന്ന ഉഭയകക്ഷി ചർച്ചയിൽ ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ പ്രസ്തുത സർക്കുലർ മരവിപ്പിച്ചിരിക്കുന്നതായി മാനേജ്മെന്റ് അറിയിക്കുകയും ചെയ്തതാണ്. ഇതിനു കടകവിരുദ്ധമായി ഇന്റേർണൽ ആഡിറ്റ് ടീമും റിജിയണൽ മാനേജർമാരും പ്രസ്തുത

സർക്കുലറിന്റെയടിസ്ഥാനത്തിൽ അസിസ്റ്റന്റ് ജീവനക്കാർക്കെതിരെ ബാധ്യതകൾ ചുമത്തുകയാണ്. ഇതിൽ ശക്തമായ പ്രതിഷേധം അറിയിക്കുന്നു. പ്രസിദ്ധീകരിച്ച തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത സർക്കുലർ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നു. വർക്കിംഗ് ജീവനക്കാർക്ക് നിർഭയം നീതിയുക്തമായി ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം നീതി ഉറപ്പുവരുത്താൻ പ്രത്യക്ഷ സമര പരിപാടികൾക്ക് സംഘടന നേതൃത്വം നൽകുമെന്ന് അറിയിക്കുന്നു.

വിശ്വാസപൂർവ്വം



എസ് .മുരളീകൃഷ്ണപിള്ള
ജനറൽ സെക്രട്ടറി
കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (CITU)